# STD - IX

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്  സഭയും പാരമ്പര്യവും  ഭാഗം – ഒന്ന്

### ലക്ഷ്യം

ബൈബിളിനോടൊപ്പംതന്നെ പ്രാധാന്യം സഭയിൽ പാരമ്പര്യത്തിനും ഉണ്ട്. ക്രിസ്തീയ പാരമ്പര്യത്തിനടിസ്ഥാനം യേശുവിന്റെ സുവിശേഷമാണ്. സുവിശേഷവും രക്ഷാകര കർമ്മവും സ്വീകരിക്കപ്പെടുന്നതം സാക്ഷാത്ക്കരിക്കപ്പെടുന്നതും സഭയിലാണ്. അതു കൊണ്ടുതന്നെ ക്രിസ്തീയ പാരമ്പര്യം സഭയുടെ അവകാശമാണ്. പാരമ്പര്യത്തിന്റെയും അചഞ്ചലമായ സ്രോതസ്സ് ക്രിസ്തുവാണ്.

സഭയിൽ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ് പാരമ്പര്യം എന്ന് മനസ്സിലാക്കി, പാരമ്പര്യത്തെ തള്ളിപ്പറയുന്നവരിൽ നിന്ന് അകന്നുനിൽക്കും. ഒരേ ഭക്തിയോടും ബഹു മാനത്തോടും കൂടെ പാരമ്പര്യവും വിശുദ്ധഗ്രന്ഥവും സ്വീകരിക്കും.

### പഠനസഹായികൾ

* വൈവിധ്യവും വിചിത്രവുമായി ആചാരങ്ങളുടെ ചിത്രങ്ങളും വീഡിയോകളും
* പാരമ്പര്യം, കുടുംബമഹിമ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന ചില ചലച്ചിത്ര ഭാഗ ങ്ങൾ – https://www.youtube.com/watch?v=oFU786hi4U (1.56 മിനിറ്റ്)
* CCC - 83 (Page No.28) - അപ്പസ്തോലിക പാരമ്പര്യവും സഭാപാരമ്പര്യങ്ങളും.
* വചനം – ഹെബ്രാ. 13:8, യോഹ. 21:25, 2 തെസ. 2:15

### പാഠത്തിന്റെ ഉള്ളടക്കം

* പാരമ്പര്യമെന്നാൽ വിശ്വാസത്തിന്റെയും മൂല്യങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളു ടെയും കൈമാറ്റമാണ്.
* വിശുദ്ധ പാരമ്പര്യം - CCC 83. ക്രിസ്തുവിലൂടെ ലഭിച്ചതും അപ്പസ്തോലന്മാർ സ്വയം അനുഭവിച്ചറിഞ്ഞതും പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയതും ആണ് വിശുദ്ധ പാര മ്പര്യം.
* വിശുദ്ധഗ്രന്ഥം വരമൊഴി ആയിട്ടുള്ള വിശ്വാസമാണെങ്കിൽ പാരമ്പര്യം വാമൊഴി ആയിട്ടുള്ള വിശാസ കൈമാറ്റം ആണ്.
* പാരമ്പര്യത്തിന്റെ ഉറവിടം ക്രിസ്തുവാണ് അതിന്റെ യഥാർത്ഥ വിഷയവും ക്രിസ്തു വാണ്. ക്രിസ്തു പാരമ്പര്യങ്ങൾ അനുസരിച്ചിരുന്നു.
* ഒരേ ഭക്തിയോടും ബഹുമാനത്തോടും കൂടെയാണ് പാരമ്പര്യവും വിശുദ്ധഗ്രന്ഥവും സ്വീകരിക്കേണ്ടത്.

* യേശുവിന്റെ പ്രബോധനങ്ങൾ, പ്രവൃത്തികൾ, മാതൃകകൾ, അപ്പസ്തോലന്മാർ തങ്ങളുടെ പ്രഭാഷണങ്ങളിലൂടെയോ ലിഖിതങ്ങളിലൂടെയോ പഠിപ്പിച്ച കാര്യങ്ങൾ തുടങ്ങിയവയെല്ലാം (2 തെസ. 2:15) സഭാ പാരമ്പര്യത്തിന്റെ വിഷയങ്ങളാണ്.
* പരിശുദ്ധാത്മാവിന്റെ സഹായത്താൽ ആണ് പാരമ്പര്യം വ്യാഖ്യാനിക്കാനും മനസ്സിലാക്കാനും നമുക്ക് സാധിക്കുന്നത്.
* ക്രിസ്തീയ പാരമ്പര്യത്തിനടിസ്ഥാനം യേശുവിന്റെ സുവിശേഷമാണ്.
* കൂദാശകളും സഭയുടെ പ്രബോധന അധികാരവും ആചാരാനുഷ്ഠാനങ്ങളും എല്ലാം ഉൾക്കൊണ്ടതാണ് പാരമ്പര്യം. എന്നിരുന്നാൽ തന്നെയും അതിൽ മാനുഷിക ഘടകങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ട് അത് ആവശ്യമായ നവീകരണത്തിന് വിധേയമാക്കേണ്ടത് സഭയാണ്.
* സമൂഹത്തിലെ സാംസ്ക്കാരിക മൂല്യങ്ങൾ പുതിയ തലമുറയ്ക്ക് കൈമാറുന്നുവെന്നതും, കഴിഞ്ഞകാലത്തോട് പുതിയ തലമുറയെ ബന്ധിപ്പിച്ച് നിറുത്തുന്നു എന്നതും ആണ് പാരമ്പര്യം.

## പ്രാർത്ഥന

സർവ്വശക്തമായ ദൈവമേ, അന്നും ഇന്നും എന്നും മാറ്റമില്ലാത്തവനായ അങ്ങിൽ നിന്നാണ് സഭാ പാരമ്പര്യത്തിന്റെ ഉത്ഭവം എന്ന തിരിച്ചറിവ് നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. പാരമ്പര്യം എന്നാൽ എന്ത്? എന്താണ് സഭാ പാരമ്പര്യം?
2. ക്രിസ്തീയ വിശ്വാസത്തിന്റെ വരമൊഴിയായുള്ളതും, വാമൊഴിയായുള്ളതുമായ കൈമാറ്റം എന്താണ്?
3. വിശുദ്ധഗ്രന്ഥത്തിന്റെയും പാരമ്പര്യത്തിന്റെയും സ്രോതസ്സ് ആരാണ്? ഇവ രണ്ടും ലക്ഷ്യം വയ്ക്കുന്നത് എന്താണ്?
4. പാരമ്പര്യത്തിൽ പരിശുദ്ധാത്മാവിന്റെ പങ്ക് എന്താണ്?
5. സഭയിൽ ബൈബിൾ ഉള്ളപ്പോൾ പാരമ്പര്യത്തിന്റെ ആവശ്യമുണ്ടോ? വചനം 1 കോറി. 11:2, 2 തെസ. 2:15 എന്നീ വാക്യങ്ങളിലൂടെ ഉത്തരം കണ്ടെത്തി എഴുതുക.

N.B: കുട്ടികൾക്ക് Assignment Questions നൽകാനായി പാഠഭാഗങ്ങളിൽ നൽകിയിട്ടുള്ള ചോദ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കുക.

# STD - IX

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്  സഭയും പാരമ്പര്യവും  ഭാഗം – രണ്ട്

### ലക്ഷ്യം

സമൂഹത്തിലാണ് പാരമ്പര്യം ജന്മമെടുക്കുന്നതും വളരുന്നതും. പാരമ്പര്യം പരിവർത്തന വിധേയമാക്കുന്നതും സജീവമായി സൂക്ഷിക്കുന്നതും സമൂഹമാണ്. ഒരു സമൂഹത്തിന്റെ ജീവിതശൈലിയും സംസ്കാരവുമെല്ലാം പാരമ്പര്യത്തിന്റെ സൃഷ്ടിയാണ്. സമൂഹത്തിലെ സാംസ്കാരിക മൂല്യങ്ങൾ പുതിയ തലമുറയ്ക്കു കൈമാറി, കഴിഞ്ഞ കാലത്തോട് പുതിയ തലമുറയെ ബന്ധിപ്പിച്ചു നിറുത്തുന്നത് പാരമ്പര്യമാണ്.

നമ്മുടെ വിശ്വാസ പാരമ്പര്യം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യും. വിശ്വാസം പകർന്നുതന്ന പൂർവികരെ ഓർത്ത് ദൈവത്തിന് നന്ദി പറയും. വരുംതലമുറയ്ക്ക് ക്രിസ്തുവിശ്വാസത്തിൽ വളർന്നു വരാനുള്ള സാഹചര്യം ഒരുക്കും.

### പഠനസഹായി

* പാരമ്പര്യം, കുടുംബമഹിമ – യൂട്യൂബ് വീഡിയോ
* വചനം – ഉത്പ. 2:2–3, പുറപ്പ. 20:8–10

### പാഠത്തിന്റെ ഉള്ളടക്കം

* പാരമ്പര്യവും പുരോഗമനവാദവും – ചരിത്രത്തെ മാത്രം ആശ്രയിക്കുന്നവർ പാരമ്പര്യവാദികളും അതിനെ നിഷേധിച്ച് നൂതനമായ ആശയങ്ങൾക്കുവേണ്ടി മാത്രം നിലകൊള്ളുന്നവർ പുരോഗമനവാദികളുമാണ്. ഇത് രണ്ടും ശരിയല്ല.
* പാരമ്പര്യവും പരിവർത്തനവും – പഠനങ്ങളിലും ആരാധന പ്രതീകങ്ങളിലും എല്ലാം നിശ്ചിതമായ വ്യതിയാനങ്ങൾ ഉണ്ടാകേണ്ടതാണ്. സഭയുടെ തീർത്ഥാടക സ്വഭാവമനുസരിച്ച് അത് അനുവദനീയവും ആവശ്യവുമാണ്. സഭാ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖ ഇത് സാധൂകരിക്കുകയും ചെയ്യുന്നു.
* സാബത്ത് – യഹൂദരുടെ സാബത്ത്, പഴയനിയമത്തിലെ ഒരു പ്രധാന പാരമ്പര്യമാണ്. സൃഷ്ടികർമ്മത്തിനുശേഷം ഏഴാം ദിവസം ദൈവം വിശ്രമിച്ചതിന്റെ ഓർമ്മ.
* പാരമ്പര്യവും നമ്മുടെ സമൂഹവും – കഴിഞ്ഞ കാലത്തോട് നമ്മുടെ സമൂഹത്തെ ബന്ധിപ്പിച്ചു നിറുത്തുന്നതും, സാംസ്കാരികമൂല്യങ്ങൾ കൈമാറുന്നതും പാരമ്പര്യമാണ്.

## പ്രാർത്ഥന

കർത്താവായ യേശുവേ, ദൈവവചനവും അവിടുത്തെ സഭയുടെ പ്രബോധനവും, പാരമ്പര്യവുമനുസരിച്ച് ജീവിക്കാനും, വിശ്വാസപാരമ്പര്യം അംഗീകരിക്കാനും, സഭയുടെ നല്ല മക്കളായി വളരാനുമുള്ള കൃപ ഞങ്ങൾക്കു നൽകണമേ.

## ചോദ്യങ്ങൾ

1. പാരമ്പര്യവാദികൾ എന്നു വിളിക്കുന്നത് ആരെയാണ്?
2. പാരമ്പര്യം പരിവർത്തന വിധേയമാണെന്ന് പറയുന്നത് എന്തുകൊണ്ട്?
3. സാബത്തിനെപ്പറ്റി ഉത്പത്തി 2:2-3ലും പുറപ്പ. 20:8-10ലും എന്താണ് പറയുന്നത്?
4. പാരമ്പര്യവും സമൂഹവും തമ്മിലുള്ള ബന്ധമെന്താണ്?
5. വിശുദ്ധഗ്രന്ഥം എന്നതുപോലെ പാരമ്പര്യവും നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്. വ്യക്തമാക്കുക.

N.B: കുട്ടികൾക്ക് Assignment Questions നൽകാനായി പാഠഭാഗങ്ങളിൽ നൽകിയിട്ടുള്ള ചോദ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കുക.